
PARAMEKKAVU DEVASWOM
തൃശ്ശൂർ
പൂരം
2025 മെയ് 6,7
ചൊവ്വ , ബുധൻ
1200 (മേടം 23,24)
പാറമേക്കാവ് ദേവസ്വം




POTHYS®
Aalayam of Textiles

Near Kaloor Metro Station, Kochi, Ph: 0484-240 2333, 240 4333
Near Ayurveda College Jn., Thiruvananthapuram, Ph: 0471-257 4133, 257 4233
POTHYS - THE BIGGEST FAMILY STORE

# തൃശ്ശൂർ പൂരം 2025

## പാറമേക്കാവ് ദേവസ്വം

കാത്തുകാത്തിരുന്നതുപോലെ വർഷഋതുവും കാലവസന്തവും ആഗതമാവും പോലെ തൃശ്ശൂർ പൂരവും പടിക്കലെത്തി. ഹിംസ്രമൃഗങ്ങളിൽ നിന്നും ഓടി രക്ഷപ്പെട്ട് സുരക്ഷിതമായി എത്തുന്ന കലമാൻകിടാവിനെപ്പോലെ കനത്തചുഴികളും ജലപാതങ്ങളും കടന്നെത്തുന്ന ചെറുതോണിയെപ്പോലെ നമ്മുടെ ആഘോഷത്തോണിയും പ്രതിസന്ധികളെ മറികടന്ന് സുരക്ഷിത തീരത്തെത്തുകതന്നെചെയ്യും. തൃശ്ശൂർ പൂരത്തിന്റെ സർവ്വാദരണീയവും സർവ്വാലംകൃതവുമായ പതിവും പാരമ്പര്യവും അതുതന്നെയത്രെ. ആനയെഴുന്നള്ളിപ്പിലും ചമയാലങ്കാരപ്പണികളിലും കുടമാറ്റത്തിലും, എന്തിന്, വാനവിസ്മയം തീർക്കുന്ന കരിമരുന്നുപ്രയോഗങ്ങളിലും എത്രയെത്ര അറിയപ്പെടാത്തവരുടെ കരവിരുതും കാവ്യഹൃദയവും ഒത്തുചേർന്നിരിക്കും എന്നത് ഓർക്കാതെ വയ്യ.

എല്ലാ സഹൃദയർക്കും സൗഹൃദശ്രേണീശ്രീമാൻമ്മാർക്കും പൂരാശംസകൾ നേരുന്നു.

**പാറമേക്കാവ് ഭരണസമിതി**



# SNA SPECIALITY CLINICS

Future is Ayurveda

## Departments

- Dept. of General Medicine
- Dept. of Pediatrics
- Dept. of Ophthalmology & ENT
- Dept. of Infertility & Gynaecology
- Dept. of Mental Health
- Dept. of Thyroid & Life style Diseases

Ashtavaidyan
PTN Vasudevan Mooss, MD (Ayu)
Chief Physician
Monday to Friday 9 am to 1 pm

Location

Ashtavaidyan Thrissur Thaikat Mooss'

SNA AYURVEDA NURSING HOME PVT LTD

Since 1920

Moosspet Road, East Fort, Thrissur, Kerala, India | Tel : +91 487 2441947
doctor@moossayurveda.com | www.moossayurveda.com

FOR APPOINTMENT : 8943 441947



# പാറമേക്കാവ് ദേവസ്വം ഭരണസമിതിയുടെ പൂരം ആശംസകൾ



പ്രൊഫ.(ഡോ) എം. ബാലഗോപാൽ
പാറമേക്കാവ് ദേവസ്വം പ്രസിഡണ്ട്



ജി. രാജേഷ്
പാറമേക്കാവ് ദേവസ്വം സെക്രട്ടറി

മാന്യരെ,

ഈ വർഷവും മുറ തെറ്റാതെ എത്തുന്നു തൃശ്ശൂർ പൂരം, 2025 മെയ് 06 ചൊവ്വ, 07 ബുധൻ എന്നീ ദിവസങ്ങളിൽ. പുകൾപ്പെറ്റ തൃശ്ശൂർ പൂരത്തിൽ ആനകൾക്കും ആനയെഴുന്നള്ളിപ്പിനും അതിപ്രധാനമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്. രാത്രിയെ പകലാക്കുന്ന പ്രകാശ സംവിധാനങ്ങളും വാനിലേക്ക് ഉയർന്ന് നിറച്ചാർത്ത് അണിയുന്ന പന്തലെടുപ്പുകളും ഒപ്പത്തിനൊപ്പം മത്സരിക്കുന്ന കുടമാറ്റവും വാദ്യവിശാരദന്മാരുടെ ഇലഞ്ഞിത്തറമേളം ഉൾപ്പെടെയുള്ള താള ചാരുതയും കരിമരുന്ന് ഒരുക്കുന്ന വർണ്ണാഭമായ വാനവിസ്മയങ്ങളും തൃശ്ശൂർ പൂരത്തെ മറ്റ് എല്ലാ ഉത്സവാഘോഷങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ബൃഹത്തായ ഒരു ജനസഞ്ചയം തന്നെ പൂരാസ്വാദകരായി എത്താറുണ്ട് എന്നതും ജനസഹസ്രങ്ങളുടെ മനസ്സിൽ തൃശ്ശൂർ പൂരത്തിനുള്ള സ്ഥാനം ഉച്ചൈസ്തരം വിളിച്ചോതുന്നു.

ഏവർക്കും പൂരാശംസകൾ നേരുന്നതിനോടൊപ്പം ക്രമസമാധാനം ഉറപ്പാക്കുന്ന പോലീസ് ഡിപ്പാർട്ട്മെന്റിനോട് എല്ലാ പൂരാസ്വാദകരും സഹകരിക്കണണമെന്നും അഭ്യർത്ഥിക്കുന്നു.

പാറമേക്കാവ് ഭഗവതിയുടെ അനുഗ്രഹാശിസ്സുകൾ
എല്ലാവർക്കും എപ്പോഴും തുണയാകട്ടെ എന്ന പ്രാർത്ഥനയോടെ
ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.

ആഘോഷക്കമ്മിറ്റിക്കുവേണ്ടി,

പ്രൊഫ. (ഡോ.) എം. ബാലഗോപാൽ
പ്രസിഡണ്ട്

ജി. രാജേഷ്
സെക്രട്ടറി




# PYRAMID AGRO MULTI STATE CO-OPERATIVE SOCIETY

1ST FLOOR, CITY TOWER, PATTURAIKKAL, THRISSUR, PIN 680020
PH: 0487-2325001, MOB: 9072 125 001

HEAD OFFICE: MANNARKKAD, PALAKKAD (DIST)
MOB: 9605225001, PH: 04924 225 001

KERALA | KARNATAKA | MAHARASHTRA www.ugsgroup.in infotsr.pamscs@ugsgroup.in



നമസ്ക്കാരം,

ലോകപ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന്റെ പ്രധാന പങ്കാളികളിൽ ഒന്നായ പാറമേക്കാവ് ക്ഷേത്രത്തിൽ ഭഗവതിയുടെ ചൈതന്യവും ഐശ്വര്യവും നാൾക്കു നാൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്ന് അനുഭവസ്ഥരായ എല്ലാവർക്കും അറിയാമല്ലോ. സർവ്വാഭീഷ്ടവരദായിനിയായ ഭഗവതിയുടെ കൃപാകടാക്ഷങ്ങൾ എല്ലാവരിലേക്കും പ്രവഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊള്ളുന്നു.

എല്ലാവർക്കും പൂരാശംസകൾ നേരുന്നു!

**ബ്രഹ്മശ്രീ പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്**
പാറമേക്കാവ് ക്ഷേത്രം തന്ത്രി



പഴമകൊണ്ടും, പെരുമകൊണ്ടും വിശ്വ പ്രസിദ്ധവും, ചരിത്ര പ്രസിദ്ധവും പൂരങ്ങളുടെ പൂരവുമായ തൃശ്ശൂർ പൂരത്തിന് ആദ്യം തന്നെ എല്ലാവിധ ആശംസകളും നേരുന്നു.

അനേകജന്മ ശേഷം നമുക്ക് ലഭിച്ചിരിക്കുന്ന മനുഷ്യ ജന്മത്തിന്റെ ലക്ഷ്യമായ ഈശ്വര സാക്ഷാത്ക്കാരം എന്ന സങ്കല്പത്തിന് വളരെ പ്രാധാന്യം നല്കുന്നതാണ് ഇതുപോലുള്ള താള, വാദ്യ, സംഗീതാത്മകവും, വർണ്ണാഭവുമായഉത്സവാഘോഷങ്ങൾ. ശാന്തത നിറഞ്ഞ ഒരു അന്തരീക്ഷത്തിൽ മനുഷ്യ മനസ്സിനെ ഈശ്വരീയമായ ഒരു തലത്തിലേക്ക് ഉയർത്തി ജീവിതത്തിൽ പകർത്തേണ്ടുന്ന അവിസ്മരണീയ മുഹൂർത്തങ്ങളാണ് നാം അറിയാതെ നമ്മിലൂടെ കടന്ന് പോകുന്നത്. ഇത് മനുഷ്യനെ മറ്റെല്ലാ ദുഷിച്ചതും, അസാന്മാർഗ്ഗികവുമായ എല്ലാ ചിന്തകളിൽ നിന്നും മാറ്റി തികഞ്ഞ ഒരു സാത്വിക ഭാവനക്ക് ഉടമയാക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ഇതുപോലുള്ള സംസ്കാര സമ്പന്നമായ ആചാരങ്ങൾ നിലനിർത്തേണ്ടത് നമ്മുടെ ധർമ്മം കൂടിയാണല്ലോ ആയതിനാൽ ജഗദീശ്വരിയായ പാറമേക്കാവിലമ്മയും, ശ്രീ വടക്കുംന്നാഥനും, തിരുവമ്പാടി കണ്ണനും, ഭഗവതിയും അനുഗ്രഹിക്കട്ടെ, ഇത്തവണത്തെ തൃശ്ശൂർ പൂരം അതിന്റെ എല്ലാ പ്രൗഢിയോടും കൂടി ഭംഗിയായി നടക്കുവാൻ അനുഗ്രഹിക്കട്ടെ.

**ബ്രഹ്മശ്രീ പി.എൻ. മഹേഷ് നമ്പൂതിരി**
പാറമേക്കാവ് ക്ഷേത്രം മേൽശാന്തി



തൃശ്ശിവപേരൂർ പൂരം 2025, പൂരം കൊണ്ട് അറിയപ്പെടുന്ന നഗരം. ശ്രീ വടക്കുന്നാഥന്റെ തിരുമുറ്റത്ത് പൂരക്കാഴ്ചകൾ വരവായി. കൈലാസത്തിന്റെ ഭംഗിയും സൂര്യതേജസ്സും കണ്ടു മതിവരാത്തതാണ്. മാനത്ത് പൊട്ടിവിടരുന്ന ചന്ദ്രശോഭയും, ഗംഗാ നദിയുടെ ഒഴുക്കുപോലെയുള്ള പ്രദക്ഷിണ വഴിയിലെ ആൾക്കൂട്ടവും, സൂര്യതേജസ്സിൽ തിളങ്ങുന്ന ആനച്ചമയത്തോടെ അണിഞ്ഞൊരുങ്ങി ഭഗവതിമാരുടെ പുറപ്പാട് അകമ്പടിയായി പഞ്ചവാദ്യവും മേളവും. എല്ലാ വിധത്തിലും കണ്ണിനും കാതിനും മനസ്സിനും സന്തോഷം നല്കുന്ന നിമിഷങ്ങൾ അതാണ് പൂരക്കാലം.

എല്ലാവരുടേയും മനസ്സ് സന്തോഷം കൊണ്ട് നിറയട്ടെ.

**കെ.വി. വാസുദേവൻ നമ്പൂതിരി**
പാറമേക്കാവ് ക്ഷേത്രം മേൽശാന്തി
വടക്കേടത്ത് മന, പോർക്കുളം


PARAMEKKAVU COLLEGE OF ARTS & SCIENCE
(A Venture of Sree Paramekkavu Educational Cultural and Charitable Trust)
Affiliated to the University of Calicut
NAAC ACCREDITED WITH B+
Approved by AICTE
MLA Road, Poonkunnam, Thrissur - 680002
paramekkavucas@yahoo.in
www.paramekkavuartsandsciencecollege.com
B+ NAAC
U G COURSES (HONOURS)
B.Com Finance (Integrated with CMA)
B.Com Cooperation (Integrated with ACCA)
B.Com Computer Application
BBA (Integrated with Logistics)
BCA (Integrated with Fintech)
B.Sc Computer Science
B.Sc Psychology
BA English Language & Literature
2025-26 ADMISSION OPEN SHORTLY
FYUGP
THE NEW UG PROGRAMME
P G COURSES
M.COM MARKETING (Integrated with ACCA)
ADD-ON COURSES
Library Science
Digital Marketing
Web Designing
SAP
Tally + GST
Cyber Security
Artificial Intelligence
Cloud Computing
Data Analytics
PSC, SSC & Other Competitive exams
WE PROVIDE
Experienced & well qualified faculty
National Service Scheme (NSS)
Football & Cricket ground
Well equipped Library
Computer & Electronics Lab
Placement assistance
Clean & Green campus
Canteen Facility
Efficient Management
More details:
0487-2960800, +91 790 7735 636, + 91 999 5715 888



ആപത്തൊക്കെയൊടുങ്ങുവാനുമതുപോൽ
വന്നീടുവാൻ മംഗളം
ശ്രീപാദത്തിലുറച്ച ഭക്തിയതു പോലൊന്നില്ലയിന്നോർക്കുകിൽ
ഗർവ്വം ചെയ്തു നടന്നിടുന്ന സമയത്തോർത്തിലാ നിന്നാനനം താപം
നീക്കി യശസ്സു ഖ്യാതി വരുവാൻ ദേവീ കടാക്ഷിക്കണേ

ആശംസകളോടെ **രാമൻ നമ്പൂതിരി,** കാരേക്കാട്ടു മന, മേൽക്കാവ് മേൽശാന്തി



ഈയാണ്ടിലെ തൃശൂർ പൂരവും പൂർവ്വാധികം ഗംഭീരമായി കൊണ്ടാടാൻ ഭഗവതിയുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിയ്ക്കുന്നു...

ഏവർക്കും ഹൃദയം നിറഞ്ഞ പൂരാശംസകൾ...

**എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി,** മേൽക്കാവ് മേൽശാന്തി

പരാശക്ത്യൈ നമഃ

പ്രൗഢ ഗംഭീരമായി, വടക്കുന്നാഥനെ സാക്ഷിയാക്കി, ദേവീ ദേവന്മാർ ഒന്നിച്ചെഴുന്നള്ളുന്ന പടഹാദി ഉത്സവമാണല്ലോ തൃശ്ശൂർ പൂരം. മദ്ധ്യകേരളത്തിലെ ജനാവലിക്ക് അത് ആനന്ദദായകവുമാണ്.

**കല്ലാറ്റ് കേശവൻകുട്ടി കുറുപ്പ്,** പാറമേക്കാവ് ക്ഷേത്രം കോമരം









# വലിയ സ്വപ്നങ്ങൾ കാണുവാനുള്ള കരുത്ത്.

## നിങ്ങളുടെ സ്വപ്നങ്ങൾക്ക് കരുത്ത് നൽകുവാൻ വിവിധ ബാങ്കിംഗ് സേവനങ്ങൾ

- സേവിംഗ്സ് അക്കൗണ്ട്
- കറന്റ് അക്കൗണ്ട്
- വാഹന വായ്പ
- സ്വർണ്ണ പണയ വായ്പ
- ഭവന വായ്പ
- സ്ഥിര നിക്ഷേപം
- വ്യക്തിഗത വായ്പ
- കാർഷിക വായ്പ
- എംഎസ്എംഇ ലോൺ
- ബിസിനസ്സ് വായ്പ

SCAN TO APPLY

• ലളിതമായ നടപടിക്രമങ്ങൾ • അതിവേഗ വായ്പാ വിതരണം • വായ്പ ഏറ്റെടുക്കൽ സൗകര്യം*

എം.ജി. റോഡ് ബ്രാഞ്ച്

85899 02791

ESAF

ESAF SMALL FINANCE BANK

Dream Bigger

SUSTAINABLE DEVELOPMENT GOALS

Global Alliance for Banking on Values

A Scheduled Commercial Bank

www.esafbank.com | 24x7 Toll Free: 1800-103-3723

# തൃശ്ശിവപേരൂർ പൂരം പരിപാടികൾ

## പാറമേക്കാവ് വിഭാഗം

### 30-04-2025 ബുധനാഴ്ച
### കൊടിയേറ്റം

ഉച്ചയ്ക്ക് 12ന് വലിയ പാണി ആരംഭിച്ച് ഉച്ചയ്ക്ക് 12.30ന് തൃശ്ശൂർ പൂരം കൊടിയേറ്റം. ശ്രീ വടക്കുംന്നാഥക്ഷേത്രത്തിലേക്ക് കിഴക്കൂട്ട് അനിയൻമാരാരുടെ നേതൃത്വത്തിൽ പാണ്ടിമേള ത്തോടെ അഞ്ച് ആനകളോടെ എഴുന്നള്ളത്ത്. ക്ഷേത്രത്തിലെ പാലമരത്തിലും മണികണ്ഠ നാലിലും കൊടി ഉയർത്തൽ. ചന്ദ്രപുഷ്ക്കരണി തീർത്ഥക്കുളത്തിൽ ആറാട്ട്, വെടിക്കെട്ട്. വൈകീട്ട് ദീപാരാധനയ്ക്കു ശേഷം നവകം, നിവേദ്യം, അത്താഴപൂജ, ശ്രീഭൂതബലി.

### 01-05-2025 വ്യാഴാഴ്ച - രണ്ടാം ദിവസം

രാവിലെ 6.30ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി തുടർന്ന് ഭഗവതി ദേശങ്ങളിൽ സഞ്ചരിച്ച് ഭക്തജനങ്ങൾ സമർപ്പിക്കുന്ന പറ സ്വീകരിക്കുന്നു. കൂർക്കഞ്ചേരി കുറുപ്പാൾ കളരിയിലും തുടർന്ന് കണ്ണംകുളങ്ങര, കണിമംഗലം, വടൂക്കര പ്രദേശങ്ങളിലും, കോശ്ശേരി മനയ്ക്കലും ഇരവിമംഗലത്ത് മനകളിലും ഇറക്കിപൂജ ആയതിനുശേഷം ഭഗവതി വൈകുന്നേരം ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.

### 02-05-2025 വെള്ളിയാഴ്ച - മൂന്നാം ദിവസം

രാവിലെ 6.30ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി തുടർന്ന് കീരംകുളങ്ങര, കിഴക്കുംപാട്ടുകര, നെല്ലങ്കര, ഒല്ലൂക്കര, മുക്കാട്ടുകര, നെട്ടിശ്ശേരി പ്രദേശങ്ങളിൽ പറയെടുപ്പ്. പാറക്കുന്നത്ത് മന, ഇടശ്ശേരി മന, തൈക്കാട്ട് മൂസ് (എസ്.എൻ.എ.), വേണാട് മന എന്നിവിടങ്ങളിൽ ഇറക്കി പൂജ. രാത്രി മുക്കാട്ടുകര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ ഭഗവതിയുടെ പള്ളിയുറക്കം.

### 03-05-2025 ശനിയാഴ്ച - നാലാം ദിവസം
### ചേറ്റുപുഴ ഇറക്കം

രാവിലെ 6.30ന് മുക്കാട്ടുകര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ തീർത്ഥക്കുളത്തിൽ ആറാട്ട്. തുടർന്ന് മുക്കാട്ടുകര, വില്ലടം, കുറ്റുമുക്ക്, ചേറൂർ, പെരിങ്ങാവ്, എന്നീ പ്രദേശങ്ങളിൽ പറകൾ സ്വീകരിച്ച് ഏറന്നൂർ മന, പാലക്കാട്ട് മന എന്നിവിടങ്ങളിൽ ഇറക്കിപൂജക്ക് ശേഷം ഭഗവതി ഉച്ചയോടെ ക്ഷേത്രത്തിൽ തിരിച്ചെഴുന്നെള്ളുന്നു. വൈകീട്ട് ദീപാരാധന, നവകം, നിവേദ്യം, അത്താഴപൂജ, ശ്രീഭൂതബലി ശേഷം, രാത്രി 8 മണിക്ക് ക്ഷേത്രത്തിൽ നിന്നും ഭഗവതി പ്രസിദ്ധമായ ചേറ്റുപുഴ ഇറക്കത്തിനായി വടക്കുന്നാഥന്റെ കിഴക്കേ ഗോപുരം വഴി ക്ഷേത്രത്തിൽ പ്രവേശിച്ച്, ഭഗവാനെ വണങ്ങിയതിനുശേഷം പടിഞ്ഞാറെ ഗോപുരത്തിലൂടെ പുറത്തേക്ക് എഴുന്നള്ളുന്നു. പടിഞ്ഞാറെ ഗോപുരത്തിൽ **പാണ്ടിമേളം**, ശേഷം എം.ജി. റോഡ് വഴി തൃക്കുമാരംകുടം ശ്രീസുബ്രഹ്മണ്യ ക്ഷേത്ര ത്തിൽ പള്ളിയുറക്കം.

### 04-05-2025 ഞായറാഴ്ച - അഞ്ചാം ദിവസം
### കോവിലകത്തു പൂരം, ആനച്ചമയ പ്രദർശനം, സാമ്പിൾ വെടിക്കെട്ട്

രാവിലെ 6.30ന് തൃക്കുമാരംകുടം ക്ഷേത്രക്കുളത്തിൽ ആറാട്ട്. തുടർന്ന് തൃക്കുമാരംകുടം ക്ഷേത്രത്തിൽ നിന്നും ആദ്യത്തെ പറ സ്വീകരിക്കുന്നു. ക്ഷേത്രപരിസരം, അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രപരിസരം, പുതൂർക്കര, പുല്ലഴി, ചേറ്റുപുഴ, കാര്യാട്ടുകര, ലാലൂർ പൂത്തോൾ

പ്രദേശങ്ങളിൽ പറയെടുപ്പ്. പടിഞ്ഞാറ്റേടത്ത് മന, കിഴക്കിനിയേടത്ത് മന, മാനമ്പിള്ളി മന, നെന്മേനി മംഗലം മന, തിരുത്തിയിൽ മന എന്നിവിടങ്ങളിൽ ഇറക്കിപൂജക്കു ശേഷം ക്ഷേത്രത്തിൽ തിരിച്ചെത്തി ദീപാരാധന, നവകം, നിവേദ്യം, അത്താഴപൂജ, ശ്രീഭൂതബലി.

**രാവിലെ 10.00ന് ആനച്ചമയപ്രദർശനം ഉദ്ഘാടനം തുടർന്ന് ശിൽപ്പികൾക്ക് ഉപഹാരം വിതരണം. ചമയപ്രദർശനം വൈകുന്നേരം 10 മണിവരെ.**

**വൈകീട്ട് 7.00ന് സാമ്പിൾ വെടിക്കെട്ട്**

## 05-05-2025 തിങ്കളാഴ്ച - ആറാം ദിവസം

ആനച്ചമയപ്രദർശനം തുടർച്ച - രാവിലെ 8 മുതൽ രാത്രി 12 വരെ. രാവിലെ 6.30ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി തുടർന്ന് പൂരപ്പറയ്ക്ക് പോകുന്നു. ക്ഷേത്രപരിസരം, പാലസ് റോഡ് മച്ചിങ്ങൽ ലെയിൻ വെള്ളാട്ട് ലെയിൻ, ചെറുമുക്ക്, ചെമ്പുക്കാവ്, കീരംകുളങ്ങര ക്ഷേത്ര പരിസരം എന്നിവിടങ്ങളിൽ പറയെടുത്ത് മിഥുനപ്പിള്ളി മന, വെളുത്തേടത്ത് മന, ചെമ്പൂക്കാവ് മന, മുല്ലനേഴി മന എന്നിവിടങ്ങളിൽ ഇറക്കി പൂജ. കീരംകുളങ്ങര ക്ഷേത്രത്തിൽ ദീപാരാധനയോടുകൂടി ഇറക്കിപൂജക്കുശേഷം രാത്രി ഭഗവതി ക്ഷേത്രത്തിലേക്ക് തിരിച്ചെഴുന്നള്ളുന്നു.

## 06-05-2025 ചൊവ്വാഴ്ച - ഏഴാം ദിവസം

## തൃശ്ശൂർ പൂരം

പുലർച്ചെ 3.00ന് നിയമവെടി, 4.00ന് നടതുറക്കൽ ശേഷം അഭിഷേകം, മലർനിവേദ്യം. 6.00ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി, തുടർന്ന് **നടക്കൽ പറ പ്രധാനം**. 11.30ന് ചൂരക്കോട് ദുർഗ്ഗാഭഗവതിയെ ഇറക്കിയെഴുന്നള്ളിക്കുന്നു. ഉച്ചയ്ക്ക് 12.20ന് ചെറിയപാണി തുടർന്ന് വിളംബരകാലത്തിൽ ചെമ്പടമേളം. 12.30ന് പുറത്തേക്ക് എഴുന്നള്ളത്ത് - 15 ആനകൾ. ഗുരുവായൂർ നന്ദൻ തിടമ്പേറ്റുന്നു. തുടർന്ന് കുടമാറ്റം, ചെമ്പട കലാശിച്ച് പാണ്ടിമേളം ആരംഭിക്കുന്നു. 2 മണിക്ക് ചരിത്രപ്രസിദ്ധമായ **ഇലഞ്ഞിത്തറമേളം - കിഴക്കൂട്ട് അനിയൻ മാരാരുടെ** പ്രമാണത്തിൽ മുന്നൂറോളം കലാകാരന്മാർ പങ്കെടുക്കുന്നു. 4.30ന് മേളം സമാപനം, തുടർന്ന് തൃപുടമേളത്തിന്റ അകമ്പടിയോടുകൂടി പ്രദക്ഷിണമായി തെക്കേഗോപുരത്തിലെത്തി അവിടെ വച്ച് തൃപുടകലാശിച്ച് വീണ്ടും പാണ്ടിമേളത്തിന്റെ അകമ്പടിയോടുകൂടി തെക്കേഗോപുരം വഴി തെക്കോട്ടിറങ്ങി വടക്കുന്നാഥന്റെ വലിയ പ്രദക്ഷിണ വഴിയിൽ (സ്വരാജ് റൗണ്ടിൽ) പാണ്ടി കലാശിക്കുന്നു. തുടർന്ന് തൃപുടമേളത്തോടെ കോർപ്പറേഷൻ ഓഫീസ്സ് റോഡിലെ കൊച്ചി മഹാരാജാവിന്റെ പ്രതിമവരെ പോയി തൃപുട കലാശിച്ച് കൊമ്പ് പറ്റ്, കുഴൽ പറ്റ് എന്നിവയ്ക്കു ശേഷം പഞ്ചാരിമേളത്തിന്റെ അകമ്പടിയോടുകൂടി പ്രദക്ഷിണ വഴിയിലേക്ക് മടങ്ങി എത്തുന്നതോടെ ശ്രീ തിരുവമ്പാടി ഭഗവതിയുമായുള്ള കൂടിക്കാഴ്ച (ദൈവീക സദസ്സ്) - 5.30ന് **കുടമാറ്റം** (പഞ്ചാരി മൂന്നാംകാലം മുതൽ അഞ്ചാംകാലം വരെ). ദേവസംഗമം കഴിഞ്ഞ് 7 ആനകളുടെ അകമ്പടിയോടെ തെക്കേ പ്രദക്ഷിണ വഴിയിലൂടെ നാദസ്വരത്തോടെ ക്ഷേത്രത്തിലേക്ക് എഴുന്നള്ളുന്നു, തുടർന്ന് ദീപാരാധന 7 മണിക്ക്.

രാത്രി 11.00ന് 7 ആനകളുടെ അകമ്പടിയോടെ എഴുന്നള്ളത്ത്, പഞ്ചവാദ്യം, ചോററാനിക്കര നന്ദപ്പൻ മാരാർ, കലാമണ്ഡലം കുട്ടിനാരായണൻ എന്നിവർ പ്രമാണം വഹിക്കുന്നു. നാദസ്വരം, കിഴക്കേ പ്രദക്ഷിണ വഴിയിലൂടെ നീങ്ങി മണികണ്ഠനാൽ പന്തലിൽ പുലർച്ചെ 2.30ന് പര്യവസാനിക്കുന്നു. തുടർന്ന് (ബ്രാഹ്മ മുഹൂർത്തത്തിൽ) 3 മണിക്ക് ഭഗവതി മണികണ്ഠനാൽ പന്തലിൽ എഴുന്നള്ളി നിൽക്കുമ്പോൾ **പ്രധാനവെടിക്കെട്ട് പുലർച്ചെ 5.30 വരെ**. തിരുവമ്പാടി വിഭാഗം ആദ്യം തിരികൊളുത്തുന്നു.

## 07-05-2025 ബുധനാഴ്ച - എട്ടാം ദിവസം - പകൽപൂരം

രാവിലെ 7.30ന് മണികണ്ഠനാൽ പന്തലിൽ നിന്നും 15 ആനകളോടെ എഴുന്നള്ളിപ്പ്, കൊമ്പ് പറ്റ്, കുഴൽപറ്റ് ചെമ്പടയ്ക്ക് ശേഷം പാണ്ടിമേളം കിഴക്കൂട്ട് അനിയൻമാരാരുടെ പ്രമാണത്തിൽ മുന്നൂറോളം കലാകാരന്മാർ പങ്കെടുക്കുന്നു. കുടമാറ്റം, 11.30ഓടെ മേളം സമാപനം. തുടർന്ന് നിലപാട് തറയിൽ ദേവി നിൽക്കുന്നു. ആചാരവെടി കൊമ്പ്പറ്റ്, കുഴൽപറ്റ്, പഞ്ചാരിമേളം, ശ്രീമൂലസ്ഥാനത്ത് വെച്ച് തിരുവമ്പാടി ഭഗവതിയുമായുള്ള ഉപചാരം ചൊല്ലൽ തുടർന്ന് **പകൽ വെടിക്കെട്ട്**. ശ്രീമൂലസ്ഥാനത്തെ പടിഞ്ഞാറെ ഗോപുരത്തിലൂടെ പ്രവേശിച്ച് ആർപ്പുവിളിയോടെ ദേശക്കാർ ഭഗവതിയെ ക്ഷേത്രത്തിലേയ്ക്ക് തിരിച്ചെഴുന്നള്ളിക്കുന്നു. പൂരക്കഞ്ഞി വിതരണം രാവിലെ 10.30 മുതൽ 2.30 വരെ.

വൈകീട്ട് 3 മണിക്ക് ക്ഷേത്രത്തിൽ നിന്നും പൂരപ്പറ പുറപ്പെട്ട് വെളിയന്നൂർ ദേശം, കുറുപ്പം റോഡ്, മാരാർ റോഡ്, ചെമ്പോട്ടിൽലെയിൻ, തെക്കേമഠം റോഡ് എന്നിവിടങ്ങളിൽ പറയെടുപ്പ്. വൈകുന്നേരം 5.30ന് നടുവിൽ മഠത്തിൽ (പടിഞ്ഞാറെ ചിറയിൽ) ആറാട്ടിനു പോകുമ്പോൾ തൃപുടമേളം, നടുവിൽ മഠത്തിൽ ആറാട്ട്, നിവേദ്യം, പൂജ എന്നിവയ്ക്കുശേഷം നാദസ്വരം, പഞ്ചവാദ്യം എന്നിവയുടെ അകമ്പടിയോടെ ക്ഷേത്രത്തിലേക്ക് തെക്കേ പ്രദക്ഷിണവഴിയിലൂടെ തിരിച്ചെഴുന്നള്ളുന്നു. ആറാട്ട് കഴിഞ്ഞു വരുന്ന ദേവിയെ ഗോപുരത്തിന് പുറത്ത് വെച്ച് 3 ആനകളുടെ അകമ്പടിയോടെ പാണ്ടിമേളത്തോടെ സ്വീകരിച്ച് ഗോപുരത്തിന് പുറത്ത് പാണ്ടിമേളം കലാശിച്ച്, തൃപുടമേളത്തോടെ ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രദക്ഷിണമായി പഞ്ചാരിമേളം കൊട്ടിക്കലാശിച്ച ശേഷം ഏകതാളത്തിൽ ആറ് പ്രദിക്ഷിണം കഴിഞ്ഞ് ഭഗവതിയെ ശ്രീലകത്തേയ്ക്ക് എഴുന്നള്ളിക്കുന്നു. തുടർന്ന് ആനയെക്കൊണ്ട് കൊടിമരം ഇളക്കി എടുത്തശേഷം ദേശക്കാർ കൊടിയിറക്കുന്നു. പുണ്യാഹം, ദീപാരാധന, 25 കലശം, നിവേദ്യം, അത്താഴപ്പൂജ, അവസ്രാവം തളിച്ച്, തിടമ്പില്ലാതെ ശ്രീഭൂതബലി. പൂരത്തിന്റെ പരിസമാപ്തി.

### പൂരങ്ങളുടെ സമയവിവര പട്ടിക ഒറ്റനോട്ടത്തിൽ

| പൂരങ്ങൾ | തിയ്യതിയും സമയവും | | | | | | | |
|---|---|---|---|---|---|---|---|---|
| | ആരംഭം (പകൽ) | | അവസാനം | | ആരംഭം (രാത്രി) | | അവസാനം | |
| 1. കണിമംഗലം | 06-05-2025 | 7.30 am | 06-05-2025 | 8.30 am | 06-05-2025 | 8.00 pm | 06-05-2025 | 9.00 pm |
| 2. പനമുക്കുംപിള്ളി | ,, | 7.45 am | ,, | 8.45 am | ,, | 8.15 pm | ,, | 9.15 pm |
| 3. ചെമ്പൂക്കാവ് | ,, | 8.00 am | ,, | 9.00 am | ,, | 8.30 pm | ,, | 9.30 pm |
| 4. കാരമുക്ക് | ,, | 8.30 am | ,, | 9.30 am | ,, | 9.00 pm | ,, | 10.00 pm |
| 5. ലാലൂർ | ,, | 9.00 am | ,, | 10.00 am | ,, | 10.00 pm | ,, | 10.30 pm |
| 6. ചൂരക്കോട്ടുകാവ് | ,, | 9.30 am | ,, | 11.00 am | ,, | 10.00 pm | ,, | 12.00 midnight |
| 7. അയ്യന്തോൾ | ,, | 10.00 am | ,, | 12.00 noon | ,, | 11.00 pm | 07-05-2025 | 12.30 am |
| 8. നെയ്തലക്കാവ് | ,, | 11.00 am | ,, | 1.00 pm | 06-05-2025 | 12.00 midnight | ,, | 1.00 am |
| 9. പാറമേക്കാവ് | ,, | 12.00 noon | ,, | 6.30 pm | 06-05-2025 | 10.30 pm | ,, | 2.30 am |
| ടി | 07-05-2025 | 7.00 am | 07-05-2025 | 11.00 am | | | | |
| 10. തിരുവമ്പാടി | 06-05-2025 | 7.00 am | 06-05-2025 | 10.30 am | മഠത്തിലേക്ക് | | | |
| ടി | 06-05-2025 | 11.30 am | 06-05-2025 | 7.00 pm | 06-05-2025 | 10.30pm | 07-05-2025 | 2.30 am |
| ടി. | 07-05-2025 | 8.30 am | 07-05-2025 | 12.00 noon | | | | |



Zero Degree
OUT OF HOME MEDIA ASSETS & SOLUTIONS
തൃശ്ശൂരിൽ കുടമാറ്റത്തിന് മുന്നേ
മറ്റൊരു മാറ്റം
തൃശൂർ തേക്കിൻകാട് മൈതാനത്തിന്റെ ചുറ്റുമതിൽ നിർമ്മാണവും സൗന്ദര്യവൽക്കരണവും
കൊച്ചിൻ ദേവസ്വം ബോർഡിന്റെ സഹകരണത്തോട് കൂടി സീറോ ഡിഗ്രി നിർവഹിക്കുന്നു




BK DHANALAKSHMI
MULTI STATE AGRI CO-OPERATIVE SOCIETY LTD
PH : 6282901400, 6282901402
BKD
GREEN CABANA AYURVEDA WELLNESS RESORT
BOOK NOW
9074224518, 9037855955, 0493 5256274
BKD
BKD

# പൂരവും അനുബന്ധ വിഷയങ്ങളും

ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിലത്രെ കൂടുതൽ ദേവീക്ഷേത്രങ്ങൾ ഉള്ളത്. അവയിൽ തൊണ്ണൂറോളം ക്ഷേത്രങ്ങളിൽ പാവക്കൂത്ത് ഒരനുഷ്ഠാനമാണ്. തമിഴ്നാട്ടിൽ നിന്നും വാളയാർ വഴി പാലക്കാട്ടെത്തി ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിൽ തമ്പടിച്ചും ആഘോഷിച്ചും കഴിഞ്ഞവർ കൊല്ലങ്കോട്ട് രാജാവിന്റെ അധീനതയിലുള്ള ക്ഷേത്രത്തിലെത്തി കമ്പരാമായണം പാടി. പിറ്റേന്ന് ക്ഷേത്രം വെളിച്ചപ്പാടുവഴി ദേവിയുടെ അഭിലാഷം പ്രകടമായി. ഇന്നലെ പാടിക്കേട്ട രാമായണ കഥ തനിയ്ക്ക് കാണണമെന്ന്! അങ്ങനെ ആദ്യമായി പാവനാടകം ചിട്ടപ്പെടുത്തി, തുണിയൊക്കെ വലിച്ചുകെട്ടി പുല്ലുകൊണ്ട് പാവയെ ഉണ്ടാക്കി കഥ ചിട്ടപ്പെടുത്തി രാമായണ കഥ അവതരിപ്പിച്ചുവെന്നാണ് ചരിത്രം. അതു കാണാൻ നാട്ടുകാരൊക്കെ എത്തി ആഘോഷമായി. അതത്രെ പിൽക്കാലത്ത് (ഇക്കാലത്തും) വലിയ തോതിൽ കൊണ്ടാടപ്പെടുന്ന ദേവീക്ഷേത്രങ്ങളിലെ പൂരത്തിന്റെ ഐതിഹ്യമെന്നും പറയപ്പെടുന്നുണ്ട്. തോറ്റവും തിറയും പൂരവും എഴുന്നള്ളിപ്പുമൊക്കെയായി ദേവീ പ്രീതിയ്ക്കുവേണ്ടി നടത്തുന്ന ആഘോഷങ്ങളായി മാറിയിരിക്കുന്നു ഇന്നതെല്ലാം.

എല്ലാ കലാരൂപങ്ങൾക്കും നിശ്ചിത സമയത്തു മാത്രമേ പ്രയോഗമുള്ളൂ. ഉത്സവംപോലെയുള്ള സീസണിലത്രെ പ്രയോഗം കൂടുതൽ. രണ്ടോ മൂന്നോ നാലോ മാസമാണ് ബന്ധപ്പെട്ട കലാകാരന്മാർക്ക് അതുകൊണ്ട് ഉപജീവനം സാധ്യമാകുന്നത്.

ഇക്കഴിഞ്ഞ കുംഭമേളയിലേയ്ക്കൊന്നു തിരിഞ്ഞു നോക്കാം. ഏകാത്മകതയുടെ ദർശനമാണ് അതു പകരുന്നത്. ഗംഗയും യമുനയും സരസ്വതിയും സംഗമിക്കുന്നിടമാണ് പ്രയാഗ. രാജ്യത്തെ വിവിധ സമ്പ്രദായങ്ങളിലെ സന്യാസിശ്രേഷ്ഠന്മാരെല്ലാം ഇവിടെയെത്തി പരസ്പരം കാണുകയും ചർച്ച നടത്തുകയും ചെയ്യുന്നു. സന്യാസിമാർ ഒന്നിച്ചാൽ സാധാരണക്കാരും ഒന്നിക്കുമത്രെ. എല്ലാവരോടും ഒപ്പം നീങ്ങുകയാണ് ഏകോപനത്തിന്റെ വഴി.

എല്ലാവരേയും ഒപ്പം കൊണ്ടുപോകാൻ കഴിവുള്ളവരാണ് ലോകത്തെ നയിക്കുക. ഭാരതത്തിന് അതിനുള്ള ശേഷിയുണ്ട്. ഒരിക്കൽ മഹാകുംഭത്തിനു വരൂ എല്ലാതെറ്റിദ്ധാരണകളും അവസാനിക്കുമെന്നും അങ്ങനെ ഭാരതം ഒരു സമൂഹമായി മുന്നേറുന്നത് ഇവിടെ ദർശിക്കാമെന്നും അഭിജ്ഞന്മാർ.

ശരിയ്ക്കും കുംഭമേളയുടെ ഒരു ചെറുപതിപ്പാണ് തൃശൂർ പൂരവും എന്നുപറയാം. ജനസഹസ്രങ്ങൾ പൂരപ്പറമ്പിൽ ഒരേ ആസ്വാദനതൃഷ്ണയോടെ ഏകാത്മസമൂഹമായി ഒത്തുകൂടുന്നു. പൂരം, ഉത്സവം എന്നിവയൊക്കെ ഇന്നത്തെ രീതിയിൽ രൂപകല്പന ചെയ്തവരെ നമിയ്ക്കാതെ വയ്യ. ഇതിലും മികച്ചരീതിയിൽ ആനയെഴുന്നള്ളിപ്പും എന്തിന് ആനച്ചമയങ്ങൾ പോലും പ്രായോഗികതലത്തിൽ ഉരുത്തിരിയുന്നത് സങ്കല്പിക്കാൻ കഴിയുമോ?

ജീവശരീരം ഇതേ രീതിയിൽ രൂപകല്പന ചെയ്ത കലാവൈഭവത്തെയും ഒന്നുസ്മരിച്ചു നോക്കൂ. ഇതിലും അനുയോജ്യമായും പ്രയോജനപ്രദമായും സൗന്ദര്യ സങ്കല്പങ്ങൾക്ക് യോജിച്ച വിധത്തിലും മറ്റൊരു ജൈവരൂപത്തെ പകരം പ്രതിഷ്ഠിക്കാൻ കഴിയുമോ? ഉദാഹരണത്തിന് നമ്മുടെ കൈകളോ കാലുകളോ മറ്റേതെങ്കിലും അവയവം തന്നെയോ ഇപ്പോഴത്തേതിൽ നിന്നും വ്യത്യസ്ഥമായി മറ്റേതെങ്കിലും തരത്തിലോ ഇടത്തിലോ സംവിധാനം ചെയ്തിരുന്നെങ്കിൽ അതെത്ര അനാകർഷകമായിരുന്നേനെ. അതുപോലെ തന്നെയാണ് പൂരവും. പൂരത്തിലും പൂരച്ചമയങ്ങളിലും ഇത്തിരിപ്പോന്ന ഒരു ഘടകമെങ്കിലും മാറ്റി മറ്റൊന്ന് പ്രതിഷ്ഠിച്ചെങ്കിൽ എല്ലാം കോലം കെട്ടുപോയേനെ. ആയുസ്സ് ഇപ്പോഴത്തേതിലും കുറച്ചധികം നീട്ടിക്കിട്ടിയാൽ തന്നെ എന്തെന്തു കലാപങ്ങൾക്കാണ് ഈ ഭൂമി സാക്ഷ്യം വഹിക്കേണ്ടി വരിക! കാട്ടിലെ ഹിംസ്രമൃഗങ്ങളെയും മറ്റും നോക്കൂ. പുലിയും സിംഹവുമൊക്കെ ദുർബ്ബലരായ മാനുകളെയും മറ്റും വേട്ടയാടുന്നത് അതി ക്രൂരമെന്ന് തോന്നിയേക്കാം. എന്നാൽ മാനുകൾ മാത്രമുള്ള കാടൊന്ന് സങ്കല്പിച്ചു നോക്കൂ. ദിവസങ്ങൾകൊണ്ടുതന്നെ കാടിന്റെ പച്ചപ്പു മാറി മരുപ്പറമ്പായിപ്പോയേനെ. ചെടിയും മരവും ഇലയും പുല്ലും എല്ലാം എണ്ണമറ്റ മാനുകൾക്ക് ഭക്ഷണമായിട്ടുണ്ടാവും. ഹിംസ്രമൃഗങ്ങളുടെ സാന്നിദ്ധ്യംകൂടി ഉണ്ടായാലേ കാടും മേടുമൊക്കെ ഇന്നത്തെ രീതിയിൽ നിലനിൽക്കൂ എന്നർത്ഥം. അതായത് പ്രപഞ്ചത്തിലെ ഒരു ബിന്ദുവിന്റെ നിലനിൽപ്പും ചലനം പോലും ഏറ്റവും സ്വാഭാവികമായ രീതിയിൽ എന്നോ എവിടെയോ തീരുമാനിച്ചുറപ്പിച്ചതാവാനേ വഴിയുള്ളൂ.

പ്രാകൃതയുഗവും കടന്ന് നവീനയുഗ ജീവിതത്തിലെത്തിയാലും കാളവണ്ടിയുഗം കടന്ന് കമ്പ്യൂട്ടർയുഗത്തിലും നിർമ്മിത ബുദ്ധി യുഗത്തിലും എത്തിയാലും ഈ വളർച്ച എത്രതന്നെ മുന്നോട്ടുപോയാലും അടിസ്ഥാനപരമായ ആസ്വാദനവും ആസ്വാദ്യ ബിംബങ്ങളും ഒരിക്കലും മാറുന്നില്ല എന്നു കാണാം.



സുകുമാർ കൂർക്കഞ്ചേരി

# PARAMEKKAVU VIDYA MANDIR

Affiliated to CBSE Delhi,Affiliation No.930760

MLA Road,Punkunnam,Thrissur,pvmthrissur@gmail.com
www.paramekkavuvidyamandir.edu.in,04872386433,8289856433

**ADMISSION OPEN- 2025-26**
**Pre School 1( play school), Pre School 2 ( LKG) Pre School 3 ( UKG) ,STD 1 to IX &XI.**

**Application forms available at School Office/School Website**

## CLASS -XI Science Stream

1. **Compulsory subjects** - English,Physics,Chemistry,Mathematics
   **and any one of the combination subjects** - Informatics Practices/Economics

2. **Compulsory subjects** - English,physics,Chemistry,Biology
   **and any one of the combination subjects** - Mathematics/Informatics Practices/Psychology/Malayalam/Sanskrit/Physical Education

## Humanities Stream

**Compulsory subjects**- English,Accountancy,BusinessStudies,Economics
**and any one of the combination subjects** -Mathematics/Informatics Practices /Psychology/Malayalam/Sanskrit/Physical Education

## Commerce Stream

**Compulsory subjects**- English,Political Science,Economics,History,
**and any one of the combination subjects** - Mathematics/Informatics Practices/ Psychology/Malayalam/Sanskrit/Physical Education

- **Exclusive batch(after school hours) for class XI students for NEET/JEE oriented two-year course by XYLEM**
- **Coaching for CLAT,KLEE,CUET,NDA & other competitive examinations by Expertz Academy(after school hours)**

- To take Maths in Class XI (Science Stream) student should have taken standard Maths in Class X
- In case the number of students in any combination is less than 5,that combination will be cancelled.

|  |  |  |
|---|---|---|
| ഗുരുവായൂർ<br>നന്ദൻ<br>പൂരം പുറപ്പാട് | പാറമേക്കാവ്<br>കാശിനാഥൻ<br>രാത്രി പൂരം | കൊച്ചിൻ ദേവസ്വം ബോർഡ്<br>ശിവകുമാർ<br>പകൽ പൂരം |

## ആനകൾക്കും ചമയങ്ങൾക്കും സമീപിക്കുക

**പാറമേക്കാവ് ദേവസ്വം, തൃശൂർ, കേരള – 680 001**



**ഫോൺ: ക്ഷേത്രം 0487 2331373  ഓഫീസ്: 0487 2331273, 2322334**

**പാറമേക്കാവ് ക്ഷേത്രം തന്ത്രി**

ബ്രഹ്മശ്രീ പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്

**മേൽശാന്തിമാർ**

കരകന്നൂർ വടക്കേടത്ത് വാസുദേവൻ നമ്പൂതിരി
ബ്രഹ്മശ്രീ പുത്തില്ലം മഹേഷ് നമ്പൂതിരി
കാരേക്കാട് രാമൻ നമ്പൂതിരി (മേൽക്കാവ്)
മൂത്തേടത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (മേൽക്കാവ്)

**കോമരം** – കല്ലാറ്റ് കേശവൻകുട്ടി കുറുപ്പ്
**അടിയന്തിരമാരാർ** – പാറമേക്കാവ് രാജപ്പൻമാരാർ
**കഴകം** – എം. കൃഷ്ണകുമാർ, പാഞ്ഞാൾ
**കുറുപ്പ്** – കല്ലാറ്റ് രാമകൃഷ്ണ കുറുപ്പ്
**നാദസ്വരം** – പി. സുധിൻ ശങ്കർ
**ദേവസ്വം മാനേജർ** – കെ.ജി. സുകുമാരൻ
**അസി. മാനേജർ ഫിനാൻസ്** – മിനി തങ്കപ്പൻ
**അസി. മാനേജർ** – വി.കെ. രവീന്ദ്രൻ നായർ (എസ്റ്റേറ്റ്സ്)
**ക്ഷേത്രം സൂപ്രണ്ട്** – ശ്രീനിവാസ് കുന്നമ്പത്ത്
**ചമയം സൂപ്രണ്ട്** – കെ. സുരേന്ദ്രൻ
**കാഷ്യർ** – വി. നടരാജൻ
**ക്ഷേത്രംകാര്യക്കാർ** – വി.എൻ. സുധീർകുമാർ



ഔഷധി
ഒരു കേരള സർക്കാർ സ്ഥാപനം
NABH ACCREDITED
ഫലസിദ്ധിയേകും പഞ്ചകർമ്മ
ഔഷധിയുടെ ആധികാരികതയോടെ!
അമിതവണ്ണം, നടുവേദന, രക്തസമ്മർദ്ദം തുടങ്ങി
തിരക്കേറിയ ജീവിതത്തിന്റെ തിക്തഫലങ്ങളെല്ലാം പരമ്പരാഗത
ആയുർവേദ ചികിത്സയായ പഞ്ചകർമയിലൂടെ പരിഹരിക്കൂ.
ശരീരത്തിലെ ദോഷവസ്തുക്കളെ പുറന്തള്ളി പുത്തനുണർവ്വും
ആരോഗ്യവും സമ്മാനിക്കുന്ന ഈ ചികിത്സാരീതി
ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ആധികാരികമായി പൂർണ്ണ ഫലസിദ്ധിയോടെ
നടപ്പാക്കുന്നു. വരൂ, ആരോഗ്യം വീണ്ടെടുക്കൂ!
OUSHADHI PANCHAKARMA HOSPITAL & RESEARCH INSTITUTE
oushadhi.org
Oushadhi Panchakarma Hospital And Research Institute, Shornur Road, Thrissur - 22, Ph: 0487 2334396, E-mail: panchakarma@oushadhi.org

## പൂരത്തിന് മാറ്റ് കൂട്ടുന്നവർ

**മേളം – ഉരുട്ടു ചെണ്ട**
**ശ്രീ. കിഴക്കൂട്ട് അനിയൻമാരാർ**
ശ്രീ. പെരുവനം സതീശൻ
ശ്രീ. പഴുവിൽ രഘു
ശ്രീ. പാറമേക്കാവ് രാജപ്പൻ
ശ്രീ. പെരുവനം ശങ്കരനാരായണൻ
ശ്രീ. പരിയാരത്ത് രാജൻ
ശ്രീ. ഈച്ചരത്ത് ശശീന്ദ്രൻ
മുതൽപേർ

**വീക്കം**
ശ്രീ. പെരുവനം ഗോപാല്യഷ്ണൻ
ശ്രീ. കിഴക്കൂട്ട് കുട്ടൻ
ശ്രീ. ചാമപറമ്പിൽ സുകുമാരൻ
മുതൽപേർ

**കുഴൽ**
ശ്രീ. കീഴൂട്ട് നന്ദൻ
ശ്രീ. പഴോര് ശിവൻ
ശ്രീ. കൊമ്പത്ത് ചന്ദ്രൻ
മുതൽപേർ

**കൊമ്പ്**
ശ്രീ. മച്ചാട് രാമചന്ദ്രൻ
ശ്രീ. കിഴക്കുംപാട്ടുകര കുട്ടൻ
ശ്രീ. വരവൂർ രാമചന്ദ്രൻ
മുതൽപേർ

**ഇലത്താളം**
ശ്രീ. ചേർപ്പ് നന്ദനൻ
ശ്രീ. തോന്നൂർക്കര ശിവൻ
ശ്രീ. പരയ്ക്കാട് ബാബു
മുതൽപേർ

**പഞ്ചവാദ്യം – തിമില**
ശ്രീ. ചോറ്റാനിക്കര നന്ദപ്പൻ
ശ്രീ. രാമമംഗലം അജിത്ത്
ശ്രീ. കോങ്ങാട് രാധാകൃഷ്ണൻ
ശ്രീ. അയിലൂർ അനന്തനാരായണ ശർമ്മ
ശ്രീ. അങ്ങാടിപ്പുറം ദേവൻ
ശ്രീ. പരയ്ക്കാട് മഹേശ്വരൻ
മുതൽപേർ

**മദ്ദളം**
ശ്രീ. കലാമണ്ഡലം കുട്ടി നാരായണൻ
ശ്രീ. പെരിങ്ങോട് ഉണ്ണികൃഷ്ണൻ
ശ്രീ. വടക്കുമ്പാട്ട് രാമൻകുട്ടി
മുതൽപേർ

**പഞ്ചവാദ്യം കൊമ്പ്**
ശ്രീ. മച്ചാട് രാമചന്ദ്രൻ
ശ്രീ. കിഴക്കുംപാട്ടുകര കുട്ടൻ
ശ്രീ. വരവൂർ രാമചന്ദ്രൻ
മുതൽ പേർ

**പഞ്ചവാദ്യം ഇലത്താളം**
ശ്രീ. പരയ്ക്കാട് ബാബു
ശ്രീ. കല്ലൂർ രഘു
ശ്രീ. മുണ്ടത്തിക്കോട് സന്തോഷ്
മുതൽ പേർ

**ഇടയ്ക്ക**
ശ്രീ. തിരുവില്വാമല ജയൻ
ശ്രീ. വിനു പരമേശ്വരൻ

**ശംഖ്**
ശ്രീ. മാക്കോത്ത് രാജൻ
ശ്രീ. പരയ്ക്കാട് വാസുദേവൻ

**തെക്കോട്ടിറക്കത്തിന് മാറ്റുകൂട്ടുന്നവർ**

**ഉരുട്ടുചെണ്ട**
ശ്രീ. ചേറൂർ രാജപ്പൻ മാരാർ
ശ്രീ. കലാമണ്ഡലം ശിവദാസ്
മുതൽപേർ

**വലംതല**
ശ്രീ. പനമുക്ക് വേശപ്പൻ
മുതൽപേർ

**കുഴൽ**
ശ്രീ. കീനൂർ പ്രേമദാസ് മുതൽപേർ

**കൊമ്പ്**
ശ്രീ. കിഴക്കുംപാട്ടുകര കൂട്ടൻ മുതൽപേർ

**താളം**
ശ്രീ. പാഞ്ഞാൾ സേതുമാധവൻ
മുതൽപേർ

**ഇലഞ്ഞിത്തറമേളം പന്തൽ**

**കുരുത്തോല അലങ്കാരം**
നവനീത് കുരുത്തോല അലങ്കാരം, ചേറൂർ

**ആനപ്പുറം**
ശ്രീ. ബാബു

**നാദസ്വരം**
*നാദസ്വരവിദ്വാൻ*
ശ്രീ. പാറമേക്കാവ് പി. സുധിൻ ശങ്കർ
ശ്രീ. സച്ചിൻ സുരേഷ്
*തകിൽ*
ശ്രീ. സുജേഷ് ശങ്കർ
ശ്രീ. ശ്രീജിത്ത് ശിവൻ
ശ്രീ. ശരത്
*താളം*
ശ്രീ. സുനാദ് ശങ്കർ
*ശ്രുതി*
ശ്രീ. സായന്ത്

**വെടിക്കെട്ട്**
ശ്രീ. ബിനോയ് ജേക്കബ്ബ്

**മണികണ്ഠനാൽ പന്തൽ & ഇലുമിനേഷൻ**
ശ്രീ. ബൈജു- നാദം പന്തൽ & ലൈറ്റ്സ്, എടപ്പാൾ

**ചെറുപന്തലുകൾ & തോരണം**
ശ്രീ. ഷോബി വർഗ്ഗീസ് മാളിയേക്കൽ

**ഗോപുരം, പത്തായപ്പുര ഇല്യുമിനേഷൻ**

**കുടമാറ്റം ലൈറ്റ്**
ശ്രീ. സെബാസ്റ്റ്യൻ, ലിവ സൗണ്ട് & ഇലക്ട്രിക്കൽ

**തുന്നൽ പണി**
ശ്രീ. കെ.കെ. വസന്തൻ മുതൽപേർ

**മുക്ക് പണി**
ശ്രീ. ജോബി, ഡി.പി. ഗോൾഡ്, ഒല്ലൂർ

**അലുക്ക് പണി**
ശ്രീ. ജോബി കോലഴി
ശ്രീ. ജോബി മണ്ണുത്തി

**ഒറ്റൽപണി**
ശ്രീ. സ്മിതേഷ് ശശിധരൻ മുതൽ പേർ

**ആലവട്ടം, വെഞ്ചാമരം**
പ്രൊഫ. സി. മുരളീധരൻ, ചാത്തനാത്ത്

**ഇലക്ട്രോ പ്ലെയിറ്റിംഗ് – തലേക്കെട്ട്**
ബി.പി. ഗോൾഡ് ഇമിറ്റേഷൻ, ഒല്ലൂർ

**കോലത്തിന്മേൽ മാല വഴിപാട്**
**പകൽ** : ശ്രീ. സുനിൽ, രാഗം, തൃശൂർ
**രാത്രി** : ശ്രീ. രാഹുൽ എം. കുമാർ എം.ഡി., ലൂമിനാർ ടെക്നോളജി കാക്കനാട്

**കൊടിമരം പണി & ആശാരിപ്പണി**
ശ്രീ. ചെമ്പിൽ കുട്ടൻ, പറവട്ടാനി

**പന്തം**
ശ്രീ. ഭരതൻ, ഊരകം

**ആനപ്പട്ട**
ശ്രീ. രാജൻ തൃക്കടീരി

**ദേഹണ്ഡം**
ശ്രീ. സുരേഷ് അമ്പിസ്വാമി




www.ksfe.com
KSFE
HARMONY
CHITS
Series 1
മെഗാസമ്മാനം
100 പേർക്ക്
സിംഗപ്പൂർ യാത്ര
(പരമാവധി 2 ലക്ഷം രൂപ വീതം)*
2025 ഏപ്രിൽ 1 മുതൽ
ജൂൺ 30 വരെ
ശാഖാതല
സമ്മാനങ്ങൾ
25000 പേർക്ക്*
1500 രൂപയുടെ
ഫ്യുവൽ കാർഡ്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ
എന്റർപ്രൈസസ് ലിമിറ്റഡ്
Toll Free Helpline: 18004253455

## സബ്ബ് കമ്മിറ്റി കൺവീനർമാർ

**മേളം–പഞ്ചവാദ്യം കമ്മിറ്റി**
1. ഇ. വേണുഗോപാലൻ - കൺവീനർ

**ആനച്ചമയം കമ്മിറ്റി**
1. കെ. രവീന്ദ്രനാഥ് - കൺവീനർ

**ആന കമ്മിറ്റി**
1. ശ്രീവത്സൻ കുറുപ്പാൾ - കൺവീനർ
2. വി. നന്ദകുമാർ - കൺവീനർ

**ഭക്ഷണം കമ്മിറ്റി**
1. ഇ. ഗോപിനാഥ് - കൺവീനർ

**ബസ്സാർ പിരിവ് കമ്മിറ്റി**
1. ടി.എൻ. നീലകണ്ഠൻ

**വെടിക്കെട്ട് കമ്മിറ്റി**
1. ജി. രാജേഷ് - കൺവീനർ
2. രാജേഷ് മഠത്തിൽ

**ബസ് പിരിവ് കമ്മിറ്റി**
1. സുമിത്ത് കെ.

**പന്തൽ തോരണം കമ്മിറ്റി**
1. കെ. ഉണ്ണികൃഷ്ണൻ - കൺവീനർ

**പ്രിന്റിങ്ങ് & പബ്ലിസിറ്റി**
1. സന്തോഷ്കുമാർ കെ.
2. ദിലീപ്കുമാർ കെ.
3. കെ. ഉണ്ണികൃഷ്ണൻ
4. രവീന്ദ്രനാഥ് കെ.
5. വി.എം. ശശി







@myGdigital
CUSTOMER CARE: 9249 001 001
myG FUTURE
Experience the next
സ്മാർട്ട് ലൈഫിലേക്ക്
ചേഞ്ചാകൂ,
വേറൊരു
റേഞ്ചാകൂ.
മോസ്റ്റ് മോഡേൺ ഗാഡ്ജറ്റ്സും
ഹോം അപ്ലയൻസസും ചൂസ് ചെയ്ത്,
ന്യൂ ലൈഫ്സ്റ്റൈൽ എൻജോയ് ചെയ്യൂ...
റെയിൽവേ സ്റ്റേഷന് സമീപം, പൂത്തോൾ, തൃശ്ശൂർ. Ph: 7356 11 66 88

# തിരുവമ്പാടി പൂരാഘോഷത്തിന്റെ ചടങ്ങുകൾ

06-05-2025 രാവിലെ 7.30ന് പുറത്തേക്ക് എഴുന്നള്ളിപ്പ്. ഷൊർണൂർ റോഡ്, നായ്ക്കനാൽ, റൗണ്ട് വഴി പഴയ നടക്കാവിലേയ്ക്ക് 3 ആന, നടപാണ്ടി സഹിതം 10.15 നോട് കൂടി മഠത്തിൽ ഇറക്കിപൂജ. രാവിലെ 11.30ന് പാണികൊട്ടി പഞ്ചവാദ്യം ആരംഭിക്കുന്നു. (മഠത്തിൽ വരവ്) 3 ആന. റൗണ്ട് എത്തിയാൽ 7 ആനകൾ (1.15ന് നായ്ക്കനാൽ വരെ പഞ്ചവാദ്യം).

നായ്ക്കനാലിൽ ഉച്ചതിരിഞ്ഞ് 3ന് എത്തുന്നതോടെ പഞ്ചവാദ്യം കഴിഞ്ഞ് മേളം ആരംഭിക്കുന്നു. 15 ആനകൾ ശ്രീമൂലസ്ഥാനത്ത് എത്തുന്നതോടെ പാണ്ടിമേളം, 4.45ന് അവസാനിക്കുന്നു. ആനകളും വാദ്യക്കാരും പടിഞ്ഞാറെ ഗോപുരം വഴി അകത്ത് പ്രവേശിച്ച് വൈകീട്ട് 5.10ന് ആനകൾ തെക്കേഗോപുരം ഇറങ്ങി നിരന്ന് നിൽക്കുന്നു. 5.30ന് കൂടിക്കാഴ്ച (ദൈവിക സദസ്സ്) കുടമാറ്റം നടക്കുന്നു. **6.30ന് കുടമാറ്റം** കഴിഞ്ഞ് തിരുവമ്പാടി ഭഗവതി എം.ഒ. റോഡിൽ കൂടി നീങ്ങി രാജാവിന്റെ പ്രതിമ വരെ പോയിതിരിച്ച് റൗണ്ടിൽ എത്തി 15 ആനകളുമായി നിരന്ന് നിൽക്കുന്നു. ശേഷം എഴുന്നള്ളിപ്പ് ആന തേക്കിൻകാട്ടിൽ കൂടി പഴയനടക്കാവ് വഴി ആരംഭത്തിൽ നിൽക്കുന്നതോടെ **ചിറക്കൽ കാണിപൂജ** നടത്തി മഠത്തിലേക്ക് ആനയിക്കുന്നു. 7.30ന് മഠത്തിൽ ഇറക്കി പൂജ. രാത്രി 11.30ന് മഠത്തിൽ നിന്ന് 3 ആന എഴുന്നള്ളിപ്പ് പഞ്ചവാദ്യത്തോടെ ആരംഭിക്കുന്നു. 07-05-2025 പുലർച്ചെ 2.30ന് നായ്ക്കനാൽ പന്തലിൽ എഴുന്നള്ളിപ്പ് അവസാനിക്കുന്നു. 3.00-6.00 പ്രധാനവെടിക്കെട്ട്. രാവിലെ 8.30ന് 15 ആനകളെ അണിനിരത്തി പാണ്ടിമേളത്തോടു കൂടി ശ്രീമൂലസ്ഥാനത്തേക്ക് പോകുന്നു. നായ്ക്കനാൽ മുതൽ ശ്രീമൂലസ്ഥാനം വരെ കുടമാറ്റവും ഉണ്ടായിരിക്കും. ഉച്ചയ്ക്ക് 12.30 - 1.00 സമാപനവെടിക്കെട്ട്. ശ്രീമൂലസ്ഥാനത്ത് 2 ഭഗവതിമാരും വിടചൊല്ലി തിരിച്ചുപോകുന്നു. വൈകീട്ട് 5ന് അമ്പലത്തിൽ ആറാട്ടിനുവേണ്ടി മഠത്തിലേക്ക് പുറപ്പെടുന്നു. വൈകീട്ട് 6.15ന് അമ്പലത്തിൽ മടങ്ങിയെത്തുന്നു. രാത്രി 8.00ന് ഉത്രം വിളക്ക് നടത്തി ഭക്തർ കൊടിയിറക്കുന്നതോടെ പൂരത്തിന്റെ പരിസമാപ്തി കുറിക്കുന്നു.

---

## പാറമേക്കാവ് - തിരുവമ്പാടി ദേവസ്വങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 62-ാമത് പൂരം പ്രദർശനം

ഐ.എസ്.ആർ.ഒ., കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ഫാം ഇൻഫോർമേഷൻ ബ്യൂറോ, ജില്ലാ വ്യവസായകേന്ദ്രം, ഗുരുവായൂർ ദേവസ്വം, കേരള സ്റ്റേറ്റ് എക്സൈസ്, കേരള പോലീസ്, വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്. മെഡിക്കൽ സ്റ്റാൾ: ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ. സ്പെഷൽ സ്റ്റാൾ : റോബോട്ടിക് അനിമൽ ഷൊ & ഇലവേറ്റഡ് ഡോം തിയറ്റർ. ശ്രീരാമകൃഷ്ണ മഠം, മാതാ അമൃതാനന്ദമയീമഠം, സായി ദർശൻ, പ്രജാപിത ബ്രഹ്മകുമാരീസ്, കൊച്ചിൻ ദേവസ്വം ബോർഡ്, പെയിൻ & പാലിയേറ്റീവ് കെയർ, പ്രഭാത് ബുക്ക് ഹൗസ്, മാതൃഭൂമി, മലയാളമനോരമ, മാധ്യമം, മംഗളം, രാഷ്ട്രദീപിക തുടങ്ങി വിനോദവും, വിജ്ഞാനവും പകരുന്ന നിരവധി പവലിയനുകൾ.

**ഓഡിറ്റോറിയത്തിൽ എല്ലാ ദിവസവും കലാപരിപാടികൾ**

## തൃശ്ശൂർ പൂരം പ്രദർശന കമ്മിറ്റി ഭാരവാഹികൾ 2025



കെ. രവീന്ദ്രനാഥ്
പ്രസിഡണ്ട്





രവികുമാർ എം.
സെക്രട്ടറി



പ്രൊഫ. (ഡോ.) എം. ബാലഗോപാൽ
വൈ. പ്രസിഡണ്ട്



പ്രകാശ് പി.
വൈ. പ്രസിഡണ്ട്



ഉണ്ണികൃഷ്ണൻ മങ്ങാട്ട്
ജോ. സെക്രട്ടറി



കെ. ദിലീപ്കുമാർ
ട്രഷറർ




# പാറമേക്കാവ് കലാക്ഷേത്രം

(കേരള സംഗീത നാടക അക്കാദമി അംഗീകൃതം, Reg. No. 743/TCR/2015)

റൗണ്ട് ഈസ്റ്റ്, തൃശ്ശൂർ - 680 001, ഫോൺ : 0487 2331273, 8304891773

കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരമുള്ള പാറമേക്കാവ് കലാക്ഷേത്രത്തിൽ ചെണ്ട, ഇടയ്ക്ക, സോപാനസംഗീതം, സനാതനധർമ്മം/ഗീതാപഠനം, യോഗ ക്ലാസ്സുകളും നടന്നുവരുന്നു. എല്ലാ ഞായറാഴ്ചകളിലാണ് ക്ലാസ്സുകൾ നടക്കുന്നത്.

| ചെണ്ട | ചെണ്ട | ചെണ്ട | ഇടയ്ക്ക | തിമില | സോപാനസംഗീതം | സനാതനധർമ്മം/ഗീതാപഠനം | |
|---|---|---|---|---|---|---|---|
|  |  |  |  |  |  |  |  |
| കലാമണ്ഡലം ശിവദാസ് | അജീഷ് നമ്പൂതിരി | അനീഷ് നമ്പൂതിരി | വിനോദ് ഇ. മാരാർ | ഗുരുവായൂർ ഹരിവാര്യർ | യദു.എസ്. മാരാർ | ഡോ.സി.പത്മജൻ | പ്രഭാവതി ടീച്ചർ |

പാറമേക്കാവ് കലാക്ഷേത്രവും, തൃശ്ശൂർ ജില്ലാ യോഗ (P&R) അസോസിയേഷന്റെ സംയുക്താരംഭത്തിൽ യോഗ ക്ലാസ്സുകൾ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരങ്ങളിൽ നടന്നുവരുന്നു.



ബാലകൃഷ്ണൻ പി.
യോഗ അദ്ധ്യാപകൻ



ജ്യോതിഷം ഗുരുകുലത്തിൽ ജ്യോതിഷ പഠന ക്ലാസ്സുകളും ചൊവ്വ, ഞായർ ദിവസങ്ങളിൽ നടന്നുവരുന്നു.

ശ്രീദേവ് എസ്. പണിക്കർ
ജ്യോതിഷം ഗുരുകുലം ആചാര്യൻ

**കൂടാതെ പുതിയ ബാച്ചിലേക്കുള്ള ചെണ്ട, തിമില, വായ്പാട്ട്, ജ്യോതിഷം പഠനത്തിനുള്ള അപേക്ഷാഫോറം നൽകിവരുന്നു**

# പാറമേക്കാവ് ദേവസ്വം ഭരണസമിതി



പ്രൊഫ. (ഡോ). എം. ബാലഗോപാൽ
പ്രസിഡന്റ്



ഇ. വേണുഗോപാൽ
വൈസ് പ്രസിഡന്റ്



ജി. രാജേഷ്
സെക്രട്ടറി



പി.വി. നന്ദകുമാർ
അസി. സെക്രട്ടറി



കെ. ഉണ്ണികൃഷ്ണൻ മേനോൻ
ഭരണസമിതി അംഗം



കെ.ബി. ശശിധരൻ
ഭരണസമിതി അംഗം



കെ. രവീന്ദ്രനാഥ്
ഭരണസമിതി അംഗം



കെ. ദിലീപ്കുമാർ
ഭരണസമിതി അംഗം



ശ്രീവത്സൻ എസ്. കുറുപ്പാൾ
ഭരണസമിതി അംഗം



ഇ. ഗോപിനാഥ്
ഭരണസമിതി അംഗം



വി.എം. ശശി
ഭരണസമിതി അംഗം



സതീഷ്കുമാർ സി.
ഭരണസമിതി അംഗം



കെ. സന്തോഷ് കുമാർ
ഭരണസമിതി അംഗം



കെ. ജുനിൽകുമാർ
ഭരണസമിതി അംഗം

# പാറമേക്കാവ് പൂരം

പൂരം കൊടിയേറ്റത്തിന് ശേഷം ഭഗവതി നേരിട്ട് എല്ലാ ദേശങ്ങളിലും എഴുന്നള്ളി ദോഷങ്ങളെയും ദുരിതങ്ങളെയും അകറ്റി ഭക്തജനങ്ങൾക്ക് അഭീഷ്ടങ്ങൾ നൽകി അനുഗ്രഹിക്കുന്നു എന്നാണ് സങ്കൽപ്പം. കൊടിയേറ്റം മുതൽ കൊടിയിറങ്ങുന്നതുവരെ എല്ലാ ദിവസവും ക്ഷേത്രത്തിലെ കൊടിമരച്ചുവട്ടിൽ ഭഗവതിക്ക് പറ സമർപ്പിക്കുവാൻ പ്രത്യേക സൗകര്യം ഉണ്ടായിരിക്കും. പൂര ദിവസം വളരെ പ്രധാനമാണ്. നെല്ല്, അവിൽ, മലർ, ശർക്കര, മഞ്ഞൾ, പഞ്ചസാര, കൽക്കണ്ടം, പഴം, പുഷ്പം, കുരുമുളക് തുടങ്ങിയ ദ്രവ്യങ്ങൾകൊണ്ട് പറ സമർപ്പിക്കാവുന്നതാണ്. കൊടിമരം കവുങ്ങു കൊണ്ടാണു നിർമ്മിക്കുന്നത്. ആയതിൽ ആല്, മാവ്, എന്നിവയുടെ ഇലകളും ദർഭപുല്ലും കെട്ടി അലങ്കരിച്ച് സിംഹചിഹ്നമുള്ള ബഹുവർണ്ണകൊടിക്കൂറ അതിൽ കെട്ടുന്നു. കൊടിയേറ്റത്തിന് വലിയപാണിയാണ്. ഭഗവതിയെ പുറത്തേക്ക് എഴുന്നള്ളിച്ച ശേഷം കവുങ്ങിൻ കൊടിമരം ദേശക്കാർ ഉയർത്തുന്നതോടെ പൂരത്തിനു തുടക്കമായി. ക്ഷേത്രത്തിലെ പാലമരത്തിലും മണികണ്ഠനാൽ തറയിലെ അരയാലിന്റെ മുകളിലും സിംഹചിഹ്നമുള്ള മഞ്ഞക്കൊടികളാണ് ഉയർത്തുന്നത്.

കൊടിയേറ്റത്തിനു മുന്നോടിയായി തലേന്ന് ക്ഷേത്രം തന്ത്രിയുടേയും മേൽശാന്തിയുടേയും കാർമികത്വത്തിൽ ശുദ്ധിക്രിയകളും പ്രത്യേക ഹോമങ്ങളും നടത്തുന്നുണ്ട്. വിഘ്നങ്ങൾ നീങ്ങി മംഗളകരമായി പൂരം നടക്കുവാനും ക്ഷേത്രത്തിനും ഭക്തജനങ്ങൾക്കും അഭിവൃദ്ധിയും അഭീഷ്ടങ്ങളും രക്ഷയും ഉദ്ദേശിച്ചാണ് താന്ത്രിക ചടങ്ങുകൾ ചെയ്യുന്നത്.

ദിവസവും നടക്കുന്ന ആറാട്ടുചടങ്ങുകൾക്ക് ക്ഷേത്രം തന്ത്രിമാർ കാർമികത്വം വഹിക്കുന്നു. ആറാട്ടുകടവിൽ തന്ത്രി പൂജ, മഞ്ഞൾപ്പൊടി കൊണ്ട് അഭിഷേകം, മലർ നിവേദ്യം, പൂജ എന്നിവ പ്രത്യേകമായി ഉണ്ട്.

കൊടിയിറക്ക് ദിവസം ഭഗവതി പടിഞ്ഞാറെ ചിറയിൽ സന്ധ്യക്ക് ആറാട്ട് നടത്തി മൂന്ന് ആനകളോടെ ശ്രീ. പരയ്ക്കാട് മഹേശ്വരന്റെ നേതൃത്വത്തിൽ പഞ്ചവാദ്യത്തോടെ ക്ഷേത്രസന്നിധിയിൽ എത്തിയശേഷം ശ്രീ. ചേറൂർ രാജപ്പൻമാരാരുടെ നേതൃത്വത്തിൽ നൂറിൽപരം കലാകാരന്മാരുടെ പാണ്ടിമേളത്തോടെ ക്ഷേത്രത്തിൽ പ്രവേശിച്ച് ഏഴ് പ്രദക്ഷിണം ചെയ്ത് ഇറക്കി എഴുന്നള്ളിപ്പ് അവസാനിക്കുകയും, ആന കൊടിമരം ഇളക്കി മാറ്റുകയും ചെയ്യുന്നതോടെ ഈ വർഷത്തെ പൂരച്ചടങ്ങുകൾ അവസാനിക്കുന്നു.




**State Bank of India**

Paramekkavu Temple Branch, A/c. No. 57069787642, IFSC: SBIN0070166

Devaswom Mobile: 8304891773, Temple: 0487 2331373

www.paramekkavudevaswom.com E.Mail: paramekkavil@gmail.com

info@paramekkavudevaswom.com Mobile App: 'Paramekkavu'

Scan & Pay



# Brides *from* Bhima

**THRISSUR:** Near Vadakke Bus Stand.
Ph: 0487-2323998 / 2323995
**www.bhima.in**

BHIMA
AND BROTHER
*Jewellers since 1925*




Published by Paramekkavu Festival Committee, Paramekkavu Devaswom, Thrissur 680 001. Cover Design Pranav C.P., Page Layout : Dileep Kodakara, Printed at Lumiere Printing Works, Poothole, Thrissur. Ph: 0487 2384990